**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 874** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യമേഖലയിൽ ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സാധ്യതകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ സാധ്യതകൾ ഉപയോഗിച്ച്,സമുദ്രത്തിൽ മത്സ്യബന്ധത്തിന് പോകുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നല്കാമോ;

**<u>മറുപടി:</u>**

സമുദ്രത്തിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആധുനിക സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിവിധ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ സഞ്ചാരപഥം നിരീക്ഷിക്കുന്നതിനും അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം വേഗത്തിലാക്കുന്നതിനുമായി യാനങ്ങളിൽ ട്രാക്കിംഗ് ഉപകരണങ്ങൾ പ്രധാനമായും ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചവരുന്നു. ഇതിലൂടെ യാനത്തിന്റെ സ്ഥാനം, സഞ്ചാര ദിശ തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാനാകും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയാണ് ഇത് നടപ്പിലാക്കിവരുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങൾ, ചുഴലിക്കാറ്റ്, ശക്തമായ കാറ്റ്, കടൽക്ഷോഭം തുടങ്ങിയ പ്രകൃതിദുരന്ത മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേക്ക് വേഗത്തിൽ എത്തിക്കുന്നതിനായി ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (IMD), ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (INCOIS) എന്നിവയുടെ മുന്നറിയിപ്പ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ആധുനിക ആശയവിനിമയ സംവിധാനങ്ങളായ VHF റേഡിയോ, GPS, നാവിഗേഷൻ ഉപകരണങ്ങൾ, മത്സ്യസമ്പത്ത് ലഭ്യത സംബന്ധിച്ച ഉപഗ്രഹ വിവരങ്ങൾ എന്നിവ ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. ഇതിലൂടെ സുരക്ഷിതമായ മത്സ്യബന്ധന മേഖലകൾ കണ്ടെത്താനും അടിയന്തര സന്ദേശങ്ങൾ കൈമാറാനും സാധിക്കുന്നു. ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ഫയർ എക്സ്റ്റിംഗ്വിഷർ, ഫസ്റ്റ് എയ്ഡ് കിറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇവയുടെ ഉപയോഗം ഉറപ്പാക്കുന്നതിനായി ബോധവൽക്കരണവും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

കടലിലെ അപകട സാഹചര്യങ്ങളിൽ വേഗത്തിലുള്ള രക്ഷാപ്രവർത്തനം ഉറപ്പാക്കുന്നതിനായി ഫിഷറീസ് വകുപ്പ്, തീരസംരക്ഷണ സേന, മറൈൻ എൻഫോഴ്സ്മെന്റ് മറ്റ് രക്ഷാ ഏജൻസികൾ എന്നിവ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷനുകൾ, ഡിജിറ്റൽ കാലാവസ്ഥാ വിവരങ്ങൾ, കടൽ സാഹചര്യ വിവരങ്ങൾ എന്നിവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ആധുനിക സാങ്കേതിക സംവിധാനങ്ങളുടെ ഉപയോഗം വഴി കടലിലെ അപകടസാധ്യതകൾ കുറയ്ക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

**(ബി)** സമുദ്രത്തിൽ വച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനും, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ള തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ;

**മറുപടി: മത്സ്യത്തൊഴിലാളികൾക്കായി മത്സ്യ ബോർഡ് വഴി നടപ്പാക്കി വരുന്ന പദ്ധതികൾ**

മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തു വരുന്നു. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

| ക്രമനമ്പർ | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| c | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| d | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| e | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| f | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 50,000/- (പരമാവധി) |
| g | ശവസംസ്കാര ചെലവ് | 2,500/- രൂപ |

മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആശ്രിതർക്ക് 1,00,000/- രൂപ ധനസഹായം നൽകി വരുന്നു.

അനുബന്ധത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

| ക്രമനമ്പർ | ഇൻഷ്വറൻസ് പദ്ധതി | ധനസഹായ തുക |
|---|---|---|
| a | അപകടമരണം | 10 ലക്ഷം രൂപ |
| b | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |

| | | |
|---|---|---|
| c | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| d | അപകട മരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| e | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 50,000/-(പരമാവധി) |
| f | ശവസംസ്കാര ചെലവ് | 2,500/- രൂപ |

മത്സ്യഅനുബന്ധ തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണം, മത്സ്യഅനുബന്ധതൊഴിൽ ചെയ്തുകൊണ്ടിരിക്കുന്നതിനിടിയിൽ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന അനുബന്ധത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായമായി 1,00,000/- രൂപ നൽകി വരുന്നു.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2025-26 പദ്ധതി പ്രകാരം 509/- രൂപ വീതം പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അപകട മരണത്തിനും, അപകടംമൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. ടി പദ്ധതിയിൽ അപകടം മൂലമുള്ള ആശുപത്രി ചിലവിനത്തിൽ 1 ലക്ഷം രുപ വരെയും, മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. (പരമാവധി 10 ലക്ഷം)

**(സി)** മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന വിധത്തിൽ സാങ്കേതികസൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

**<u>മറുപടി:</u>**

| |
|---|
| മത്സ്യബന്ധനവകുപ്പ് നടപ്പിലാക്കുന്ന വിവിധ സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നതിനായി മത്സ്യബന്ധന വകുപ്പ് ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) എന്ന ആപ്ലിക്കേഷൻ തയ്യാറാക്കുകയും അതുവഴി വിവിധ സേവനങ്ങൾക്കായി ഗുണഭോക്താക്കൾക്ക് ഓൺലൈൻ ആയി വകപ്പിലേക്ക് അപേക്ഷിക്കുന്നതിനും അവ പ്രോസസ് ചെയ്യുന്നതിനും വേണ്ട സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ 'നമ്മുടെ കേരളം' ആപ്ലിക്കേഷൻ വഴിയും ചില സേവനങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

കൂടാതെ ഫിഷറീസ് വകുപ്പിന്റെ എല്ലാ സേവനങ്ങളും ഒരൊറ്റ സംയോജിത പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ച് വരികയാണ്.

**(ഡി)** മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നേരിട്ടുള്ള പണമിടപാടുകൾക്ക് പകരം അർഹരായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് (DBT) സംവിധാനത്തിലൂടെ നേരിട്ട് ആണ് നൽകി വരുന്നത്. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**